REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കാർഷിക മേഖലയിലെ ഗവേഷണത്തിനും ആധുനികവൽക്കരണത്തിനും ഊന്നൽ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഇപ്പോഴത്തെ ജലനിരപ്പിൽ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.
- വയനാട് ദുരന്തത്തിൽ പന്ത്രണ്ടാം ദിവസവും തെരച്ചിൽ പുരോഗമിക്കുന്നു. ചാലിയാറിൽ മൃതദേഹഭാഗം കണ്ടെത്തി.
- കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടലിനെക്കുറിച്ച് പഠിക്കാൻ നാലംഗ വിദഗ്ധസംഘമെത്തി.
- ഇടുക്കിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിയ്ക്കും.
- ഇന്ന് അന്താരാഷ്ട്ര യുവജന ദിനം.

## വാർത്തകൾ വിശദമായി

കാർഷിക മേഖലയിലെ ഗവേഷണത്തിനും ആധുനികവൽക്കരണത്തിനും ഊന്നൽ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലാൽ ബഹദൂർ ശാസ്ത്രിജി ആവിഷ്കരിച്ച "ജയ് ജവാൻ, ജയ് കിസാൻ" എന്ന ഐതിഹാസിക വാചകത്തോട്, അടൽ ബിഹാരി വാജ്പേയി "ജയ് വിജ്ഞാൻ" കൂട്ടിചേർത്തതും അദ്ദേഹം അനുസ്മരിച്ചു.

ന്യൂഡൽഹിയിൽ പുസയിലെ ICAR-ൽ കർഷകരുമായി സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഗവേഷണത്തിനും നൂതനാശയങ്ങൾക്കും മുൻതൂക്കം നൽകി ഈ വാചകത്തോട് താൻ എങ്ങനെയാണ് "ജയ് അനുസന്ധൻ" എന്ന് ചേർത്തതെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. 109 പുതിയ വിള ഇനങ്ങളുടെ പ്രകാശനം, കൃഷിയിലെ നൂതനാശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ പ്രത്യക്ഷമായ ഫലമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

കർഷകർ കീടനാശിനികളിൽ നിന്ന് സ്വമേധയാ മാറുകയാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. സ്വാഭാവിക കൃഷിയിലേക്കുള്ള ഈ മാറ്റം അവർക്ക് മികച്ച ഫലം നൽകുന്നതായും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഇപ്പോഴത്തെ ജലനിരപ്പിൽ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. വയനാട് ദുരന്തത്തിന്റെ സാഹചര്യത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് സ്ഥിതി വിലയിരുത്താൻ ഇടുക്കി കളക്ടേറ്റിൽ ചേർന്ന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി കണ്ട് ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുക എന്നതാണ് ഇപ്പോൾ ചെയ്യേണ്ടത്. പുതിയ ഡാമിന്റെ ആവശ്യകതയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുമെന്നും മന്ത്രി പറഞ്ഞു. തമിഴ്നാടുമായി

ശത്രുതാമനോഭാവം പുലർത്തുന്ന സംസ്ഥാനമല്ല കേരളമെന്നും, തമിഴ്നാടിനാവശ്യമായ ജലപിന്തുണ കേരളം നൽകുമെന്നും റോഷി അഗസ്റ്റിൻ വ്യക്തമാക്കി.

✪✪✪

വയനാട് ദുരന്തത്തിൽ പന്ത്രണ്ടാം ദിവസവും തെരച്ചിൽ പുരോഗമിക്കുന്നു. ചാലിയാർ കേന്ദ്രീകരിച്ചാണ് തെരച്ചിൽ തുടരുന്നത്....

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

..............വോയ്സ്...........

✪✪✪

അതിനിടെ, ചാലിയാറിലെ തിരച്ചിലിൽ മൃതദേഹഭാഗം കണ്ടെത്തി. മുണ്ടേരി ഫാമിന് സമീപം ഇരുട്ടുകുത്തിയിൽ ആദിവാസികൾ പറഞ്ഞ മേഖലയിൽ ഫയർഫോഴ്സ് ഉൾപ്പെടെ നടത്തിയ തിരച്ചിലിലാണ് മൃതദേഹഭാഗം കണ്ടെത്തിയത്.

✪✪✪

വയനാട് ദുരന്തത്തിൽ കേരളം ആവശ്യപ്പെട്ട മുഴുവൻ തുകയും കേന്ദ്രം നൽകണമെന്ന് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ പറഞ്ഞു. ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിലെ തടസ്സം നീക്കണമെന്നും നയത്തിൽ കാലോചിതമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ദുരന്തവുമായി ബന്ധപ്പെട്ട വിശദമായ

റിപ്പോർട്ട് സംസ്ഥാനം ഉടൻ കേന്ദ്രത്തിന് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഉരുൾപൊട്ടി ഒരാൾ മരണപ്പെടുകയും കനത്ത നാശനഷ്ടം സംഭവിക്കുകയും ചെയ്ത കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ദുരന്തത്തെക്കുറിച്ച് സമഗ്രമായി പഠിക്കാൻ നാലംഗ വിദഗ്ധസംഘം പുറപ്പെട്ടു. ജിയോളജിസ്റ്റ്, ഹൈഡ്രോളജിസ്റ്റ്, സോയിൽ കൺസർവേഷനിസ്റ്റ്, ഹസാർഡ് അനലിസ്റ്റ് എന്നിവരടങ്ങുന്നതാണ് സംഘം. മേഖലയിലെ ഉരുൾപൊട്ടൽ സാധ്യതാ കേന്ദ്രങ്ങൾ അറിഞ്ഞ ശേഷമാകും പുനരധിവാസം സംബന്ധിച്ച് റിപ്പോർട്ട് നൽകുക. വകുപ്പുതല നാശനഷ്ടങ്ങളുടെ കണക്കിന് പുറമേ വ്യക്തികളോട് നേരിൽ സംസാരിച്ചു തയ്യാറാക്കിയ കണക്കും ഗവൺമെന്റിന് നൽകും.

'വിലങ്ങാട്ടെ ഉരുൾപൊട്ടലിന് നൂറിലേറെ പ്രഭവ കേന്ദ്രങ്ങൾ ഉള്ളതായി ഡ്രോൺ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക ഗജ ദിനം. ആനകളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനാണ് എല്ലാ വർഷവും ഓഗസ്റ്റ് 12 ലോക ഗജ ദിനമായി ആചരിക്കുന്നത്.

✪✪✪

ലോക ഗജ ദിനത്തോടനുബന്ധിച്ച് ആനകളെ സംരക്ഷിക്കുന്നതിനു നടത്തുന്ന വിപുലമായ ശ്രമങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ആനകൾക്ക് നമ്മുടെ സംസ്കാരവും ചരിത്രവുമായി ബന്ധമുണ്ടെന്നും ആനകൾക്ക്

അഭിവൃദ്ധി പ്രാപിക്കാൻ കഴിയുന്ന ആവാസ വ്യവസ്ഥ ഉറപ്പാക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്നും അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ബീഹാർ ജെഹാനാബാദിലെ സിദ്ധേശ്വരനാഥ ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലും അഞ്ച് സ്ത്രീകളും രണ്ട് പുരുഷന്മാരും ഉൾപ്പടെ ഏഴ് പേർ മരിച്ചു. പതിനാറ് പേർക്ക് പരിക്കേറ്റു. പുലർച്ചെയാണ് അപകടം സംഭവിച്ചത്.

മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം നൽകാൻ മുഖ്യമന്ത്രി നിതീഷ്കുമാർ ഉത്തരവിട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിലൂടെ ഈ മാസം 25ന് ചിന്തകൾ ജനങ്ങളുമായി പങ്കുവെയ്ക്കും. മൻ കി ബാത്തിന്റെ 113-ാം എപ്പിസോഡാണിത്.

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് മൻ കി ബാത്തിന് ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം. നരേന്ദ്ര മോദി ആപ്പ് വഴിയോ My Gov ഓപ്പൺ ഫോറം വഴിയോ ഓൺലൈനായും ആശയങ്ങൾ നിർദ്ദേശിക്കാം. ഈ മാസം 23 ആണ് ആശയങ്ങൾ സമർപ്പിക്കുന്നതിന് അവസാന തിയതി.

✪✪✪

ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ഇനി ഇടുക്കിയിലും. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

............വോയ്സ്............

✪✪✪

ഇന്ന് അന്താരാഷ്ട്ര യുവജന ദിനം. യുവജനങ്ങളുടെ പ്രശ്നങ്ങൾ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരാൻ ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ആഗസ്റ്റ് 12 യുവജനദിനമായി ആചരിക്കുന്നത്. 'പുരോഗതിയിലേക്കുള്ള ക്ലിക്കുകൾ: സുസ്ഥിര വികസനത്തിനായുള്ള യുവജന ഡിജിറ്റൽ പാതകൾ ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

പാരീസ് ഒളിമ്പിക്സിലെ വനിതകളുടെ 50 കിലോഗ്രാം ഫൈനലിൽ നിന്ന് ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയതിന് ടീമിന്റെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ദിൻഷോ പർദിവാല ഉത്തരവാദിയല്ലെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡണ്ട് പി.ടി ഉഷ പറഞ്ഞു.

ഗുസ്തി, ബോക്സിംഗ്, ജൂഡോ തുടങ്ങിയ കായിക ഇനങ്ങളിൽ തൂക്കം നിയന്ത്രിക്കേണ്ട ഉത്തരവാദിത്തം ഓരോ അത്-ലറ്റിന്റേതും അവരുടെ വ്യക്തിഗത കോച്ചിംഗ്

ടീമിന്റേതുമാണെന്നും അവർ വ്യക്തമാക്കി. മൽസര സമയത്തും അതിനു ശേഷവും കായിക താരങ്ങളുടെ പരിക്കുകൾ കൈകാര്യം ചെയ്യാൻ സഹായിക്കുകയാണ് മെഡിക്കൽ ടീമിന്റെ ചുമതലയെന്നും പി.ടി ഉഷ പറഞ്ഞു.

✪✪✪

കണ്ണൂരിലെ മുതിർന്ന CPIM നേതാവ് ചന്ദ്രൻ കിഴുത്തള്ളി നിര്യാതനായി. എടക്കാട് ഏരിയ മുൻ സെക്രട്ടറിയായിരുന്നു. സംസ്കാരം നാളെ നടക്കും.

ചന്ദ്രൻ കീഴുത്തള്ളിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

തിരുവനന്തപുരം മര്യനാട് വള്ളം മറിഞ്ഞ് മത്സ്യ തൊഴിലാളി മരിച്ചു. വെട്ടുതുറ സ്വദേശി അത്തനാസ് ആണ് മരിച്ചത്. രണ്ട് മത്സ്യ തൊഴിലാളികൾക്ക് പരിക്കേറ്റു. തിരയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു.

✪✪✪

കോഴിക്കോട് കോടഞ്ചേരിയിൽ ഇരുതുള്ളിപ്പുഴയിലെ കരിമ്പാലംകുന്ന് കടവിൽ ഒഴുക്കിൽപ്പെട്ട അതിഥി തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. കഴിഞ്ഞദിവസം കുളിക്കാൻ പോയി കാണാതായ കോടഞ്ചേരി ഇരൂടിലെ സ്വകാര്യ എസ്റ്റേറ്റ് ജീവനക്കാരനായ ജാർഖണ്ഡ് സ്വദേശി സുലൻ കിസൻന്റെ മൃതദേഹമാണ് കണ്ടെത്തിയത്. ഞായറാഴ്ച ഉച്ചക്ക് മുതൽ തിരിച്ചെത്താത്തതിനെ തുടർന്ന്

സഹ ജീവനക്കാരാണ് ആളെ കാണാതായ വിവരം കോടഞ്ചേരി പോലീസിനെ അറിയിച്ചത്.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചില സ്ഥലങ്ങളിൽ അടുത്ത രണ്ടു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്കും ഒപ്പം 30 മുതൽ 50 വരെ കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ശക്തമായ മഴ കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ 35 മുതൽ 45 കിലോമീറ്റർ വരെയും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

തിരുവനന്തപുരത്ത് ഒരാൾക്കുകൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. നാവായിക്കുളം സ്വദേശിനിയ്ക്കാണ് രോഗം ബാധിച്ചത്. രോഗലക്ഷണങ്ങളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ ദിവസം എത്തിയ യുവതിയുടെ സ്രവ പരിശോധനാഫലം ഇന്നലെയാണ് ലഭിച്ചത്. അടുത്തിടെ

ഇവർ തോട്ടിൽ കുളിച്ചതായി ആരോഗ്യപ്രവർത്തകരോട് പറഞ്ഞു. ലക്ഷണങ്ങളുണ്ടെങ്കിലും മറ്റ് ആരോഗ്യ പ്രശ്നങ്ങളില്ലാത്തതിനാൽ ഇവരെ പേ വാർഡിലേക്ക് മാറ്റി.

ഇതോടെ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 10 ആയി.

✪✪✪

തൊടുപുഴ നഗരസഭയിൽ മുസ്ലീം ലീഗ് പിന്തുണയോടെ LDF ഭരണം പിടിച്ചു.

CPIM-ലെ സബീന ബിഞ്ചു കോൺഗ്രസിലെ കെ.ദീപക്കിനെ പരാജയപ്പെടുത്തി നഗരസഭാ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ടു. ആറ് ലീഗ് കൗൺസിലർമാരിൽ അഞ്ച് പേർ എൽ.ഡി.എഫ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തു.

✪✪✪

കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ വകുപ്പും പ്രൊഫ. ശോഭീന്ദ്രൻ ഫൗണ്ടേഷനും ചേർന്ന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന 'ഹരിത ഭവനം' പദ്ധതിയിൽ ആയിരം ഹരിതഭവനങ്ങൾ പൂർത്തിയായി.

മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, ജലസംരക്ഷണം, ഭക്ഷ്യ സുരക്ഷ എന്നീ മേഖലകളിൽ സ്വയം

പര്യാപ്തമായ യൂണിറ്റുകൾ ആക്കി വീടുകളെ മാറ്റുന്ന പദ്ധതിയാണ് ഇത്.